## പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2109 — 05.05.2017 ന് മറുപടിയ്ക്ക്.

### **മണിയാറൻകുടി-ഉടുമ്പന്നൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) മണിയാറൻകുടി-ഉടുമ്പന്നൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ എൽ.എ.സി-എ.ഡി.എസ്-ൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവായത് എന്നാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) G.O(Rt) No.98/2016/F&WLD dated 03.03.2016 പ്രകാരമാണ് മണിയാറൻകുടി-ഉടുമ്പന്നൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ എൽ.എ.സി - എ.ഡി.എസ്-ൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) ഇപ്രകാരം ഭരണാനുമതി നല്കി ഉത്തരവായതിനുശേഷം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഇതുമായി ബന്ധപ്പെട്ട് നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) 1980-ലെ വനസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കിയതിനു ശേഷം മാത്രമേ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തികൾ നിർവ്വഹിക്കുന്നതിന് അനുവദിക്കാവൂ എന്ന് 16.03.2016 തീയതിയിലെ എഫ്.സി.2-21147/2015 നമ്പർ മേലെഴുത്ത് പ്രകാരം വനം വകുപ്പാസ്ഥാനത്തു നിന്നും കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ കോതമംഗലം വന വികസന ഏജൻസിയോ, മറ്റേതെങ്കിലും യൂസർ ഏജൻസിയോ Forest (Conservation) Act, 1980 പ്രകാരമുള്ള അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും ലഭിച്ച കത്തിന്റെ പകർപ്പും വനം വകുപ്പാസ്ഥാനത്തു നിന്നും നൽകിയ കത്തിന്റെ പകർപ്പും അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെടുകയോ കത്തയക്കുകയോ ചെയ്തിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച് ഡി.എഫ്.ഒ യുടെ മറുപടി എപ്രകാരമായിരുന്നു; വിശദാംശങ്ങൾ നല്കുമോ; | (സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് വനം വകുപ്പാസ്ഥാനത്തെ 18.03.2016-ലെ എഫ്.സി.2-21147/2015 നമ്പർ മേലെഴുത്ത് പ്രകാരം Forest (Conservation) Act, 1980 പ്രകാരമുള്ള അനുമതിക്ക് ശേഷം മാത്രമേ ബന്ധപ്പെട്ട യൂസർ ഏജൻസിക്ക് റോഡിന്റെ നിർമ്മാണത്തിന് അനുമതി നൽകേണ്ടതുള്ളൂ എന്ന് കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ മറുപടിയായി 29.06.2016-ലെ എ3-5128/2011 നമ്പർ കത്ത് പ്രകാരം കോതമംഗലം |

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ടി ഓഫീസിൽ നിന്നും സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ ആരായുകയുണ്ടായി. ആയതിന് വനം വകുപ്പാസ്ഥാനത്തു നിന്നും കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് മറുപടി നൽകിയിട്ടുണ്ട്. മണിയാറൻകടി-ഉടുമ്പന്നൂർ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന യൂസർ ഏജൻസി വന വികസന ഏജൻസി ആണെങ്കിൽ Forest (Conservation) Act, 1980 പ്രകാരമുള്ള നടപടിക്രമങ്ങൾക്കായി വന വികസന ഏജൻസി അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ അറിയിച്ചിരുന്നു. ഇത് സംബന്ധിച്ച് നാളിതുവരെ യൂസർ ഏജൻസിയിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ഡി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടും തുടർ നടപടികൾക്ക് കാലതാമസം നേരിടുന്നത് കണക്കിലെടുത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം അടിയന്തിരമായി വിളിച്ചുചേർക്കുമോ?

(ഡി) ടി വിഷയവുമായി ബന്ധപ്പെട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ച് ചേർക്കുന്നതിന് ആലോചിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

**Abstract**

Forest & Wild Life Department –Maintenance of Maniyarakudy-Udumpannoor Forest road at an estimate cost of Rs.100 lakhs under the LAC-ADS of shri.Roshy Augustine M.L.A-Administrative sanction accorded -Orders issued

---

FOREST & WILD LIFE (C) DEPARTMENT

GO(Rt) No. 98/2016/F&WLD Dated, Thiruvananthapuram, 03-03-2016

Read:-1. Letter No.2372/RA/GEN/15 dated 26/03/2015 from the Hon:MLA Shri.Roshy Augustine .

2. Letter No.FC2-21147/2015 dated 03/08/2015 from the Additional Principal Chief Conservator of Forests (Special Afforestation ) & Nodal Officer.

3.Letter No.2813/RA/GEN/16 dated 01/03/2016 from the Hon:MLA Shri.Roshy Augustine.

**ORDER**

As per letter read as 1st paper above the Hon:MLA Shri.Roshy Augustine has requested Government to issue Administrative Sanction for the maintenance of Maniyarakkudy-Udumpannoor road which passes through forestland at an estimated cost of Rs.100 lakhs under LAC-ADS entrusting the work to Nirmithi Kendra.

2.Additional Principal Chief Conservator of Forests (SA)&NO vide letter read as 2nd paper above has reported that as per F.C Guideline No.11-48/2002 dated 14/09/2014 the maintenance of roads that have been constructed before 25/10/1980 can be done under the supervision of Forest Department and as per Forest Conservation guideline 5-3/2007 dated 17/01/2011 if these roads come under Prime Ministers Grameen Sadak Yojna ,tarring may be permitted under the supervision of Forest Department. But in this case as permission is sought for maintenance work under the supervision of an external agency ,viz Nirmithi Kendra and concreting and related works are against FC Act 1980 and Forest Conservation Rules 2003 and as these roads does not belong to Prime Ministers Grameen Sadak Yojna Scheme,the proposal cannot be considered.

3.As per letter read as 3rd above Shri. Roshy Augustine M.L.A has informed that the maintenance work shall be entrusted to Forest Development Agency instead of Nirmithi Kendra.

4. Government have examined the matter in detail and are pleased to accord Administrative Sanction for the work 'Maintenance of Maniyarakudy Udumpannoor Forest road at an estimated cost of Rs.100 lakhs (one hundred lakhs only) under the LAC- ADS of shri.Roshy Augustine ,M.L.A representing Idukki LAC subject to the rules and approval from Ministry of Environment Forests &Climate Change ,Governmen of India under Forest Conservation Act1980 and following all departmental formalities and in tune with the guidelines issued in G.O (P) No332/12/ Fin dated 11/06/2012. The expenditure in this regard should be debited under the head of account "4406-01-101-97 projects under LAC ADS (NP).If the funds are to be transferred to Joint Forest Management ,it shall be a separate joint account of Joint Forest Management and Divisional Forest Officer.

By Order of the Governor,
P.MARAPANDIYAN
Additional Chief Secretary to Government.

To

The Hon;MLA Shri. Roshy Augustine,,Central Office, Cheruthoni, Idukki Colony P.O,Idukki
The Principal Chief Conservator of Forests & Head of Forest Forces, Thiruvananthapuram.
The Additional Principal Chief Conservator of Forests (D&PFM)
The Additional Principal Chief Conservator of Forests (Special Afforestation) & Nodal Officer, Thiruvananthapuram.
The Divisional Forest Officer,Kothamangalam
The Principal Accountant General Audit/A&E Thiruvananthapuram.
Finance Department (vide No;14030(E 185842)/NC-B3/16/Fin
The Stock File/Office Copy.

**Endt. No. FC2-21147/2015 Dated: 18.03.2016**

Copy forwarded to Divisional Forest Officer. Kothamangalam. You are requested to allow the work only after completing the procedures under Forest (Conservation) Act, 1980 by User Agency.

Section Officer for
Additional Principal Chief Conservator of Forests
(Special Afforestation) & Nodal Officer

35007/16

ഭരണഭാഷ – മാതൃഭാഷ

കെ.എസ്. ദീപ ഐ എഫ് എസ്
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്
കോതമംഗലം പി.ഒ.- 686 691
ഫോൺ: 0485 2822317 (O)
2851731 (R)
Fax No. 0485 - 2822317
*E-mail: dfo-kglm.for@kerala.gov.in*

**A3 -5128/2011** **തീയതി: 29.06.2016**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(എസ്.എഫ്.& എൻ.ഒ
തിരുവനന്തപുരം

സർ,

വിഷയം: മണിയാറൻകുടി - ഉടുമ്പന്നൂർ റോഡ് പുനരുദ്ധാരണം - സംബന്ധിച്ച്

സൂചന:
1. 03.03.2016-ാം തിയതിയിലെ 98/2016/F&WLD നമ്പർ സർക്കാർ ഉത്തരവ്
2. 18.03.2016-ാം തിയതിയിലെ അങ്ങയുടെ ഓഫീസിലെ FC2-21147/2015-ാം നമ്പർ മേലെഴുത്ത്

FC2

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു. ബഹുമാനപ്പെട്ട ഇടുക്കി എം.എൽ.എ. ശ്രീ.റോഷി അഗസ്റ്റിന്റെ നിയോജകമണ്ഡലം ആസ്തി വികസനഫണ്ടിൽ നിന്നും 100 ലക്ഷം രൂപയുടെ അടങ്കലിൽ നിന്നു കൊണ്ട്, 1980ലെ വനപരിപാലന നിയമപ്രകാരമുള്ള കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കിയതിന് ശേഷം വകുപ്പുതലത്തിലെ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് മണിയാറൻകുടി - ഉടുമ്പന്നൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുവാൻ സൂചന(1) സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതായി കാണുന്നു. ടി പ്രവൃത്തിക്കുള്ള ചെലവ് "4406-01-101-97 projects under LAC-ADS(NP)" യിലുൾപ്പെടുത്തണമെന്നും കൂടാതെ ടി ഫണ്ട് ജോയിന്റ് ഫോറസ്റ്റ് മാനേജ്മെന്റിലേക്ക് കൈമാറുകയാണെങ്കിൽ, അത് ജോയന്റ് ഫോറസ്റ്റ് മാനേജ്മെന്റിന്റെയും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടേയും ആയ ഒരു പ്രത്യേക ജോയന്റ് അക്കൗണ്ട് ആയിരിക്കണമെന്നും ടി ഉത്തരവിൽ കാണുന്നു. എന്നാൽ ടി റോഡ് ഫോറസ്റ്റ് മാനേജ്മെന്റ് റോഡ് അല്ലാത്ത സാഹചര്യത്തിൽ ടി റോഡിന്റെ നിർമ്മാണത്തിനുള്ള, 1980ലെ വനപരിപാലന നിയമപ്രകാരമുള്ള കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കേണ്ടത് ഈ ഓഫീസിൽ നിന്നാണോ എന്നത് സംബന്ധിച്ചും ടി വിഷയം സംബന്ധിച്ച് ഈ ഓഫീസിൽ നിന്നും എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ചും മാർഗ്ഗ നിർദ്ദേശം നൽകണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

8/7/16

വിശ്വസ്തതയോടെ

Deepa

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
കോതമംഗലം

8/7/16

Section Officer

**FC2 - 21147/2015**

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്.
വഴുതക്കാട്.
തിരുവനന്തപുരം
തീയതി : **25.08.2016**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ.
(സ്പെഷ്യൽ അഫോറസ്റ്റേഷൻ) &
നോഡൽ ഓഫീസർ
തിരുവനന്തപുരം.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
കോതമംഗലം.

സർ,

വിഷയം:- മണിയാറൻകുടി - ഉടുമ്പന്നൂർ റോഡ് പുനരുദ്ധാരണം - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 29.06.2016 ലെ A3-5128/2016 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മണിയാറൻകുടി - ഉടുമ്പന്നൂർ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തി വനം വികസന സമിതി മുഖേന ചെയ്യുന്നതിനാണ് സർക്കാർ ഉത്തരവായിട്ടുള്ളത്. എങ്കിൽ തുക ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെയും ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസിയുടെയും സംയുക്ത അക്കൗണ്ടിലേക്ക് മാറുവാൻ ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വന (സംരക്ഷണ) നിയമം 1980 ന്റെ പരിധിയിൽ വരുന്നവ മാത്രമേ ഈ ഓഫീസിൽ ചെയ്യാൻ സാധിക്കുകയുള്ളൂ. ടി റോഡ് പണി സംബന്ധിച്ച് തുക കൈമാറുന്ന കാര്യത്തിൽ വികസന വിഭാഗത്തിന്റെ നിർദ്ദേശങ്ങൾ സ്വീകരിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. ടി റോഡ് പണി സംബന്ധിച്ച് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരമുള്ള നടപടി ക്രമങ്ങൾക്ക് ആവശ്യമായ പ്രൊപ്പോസൽ പണി ഏറ്റെടുത്ത് ചെയ്യുന്ന യൂസർ ഏജൻസി വനം വികസന ഏജൻസി ആണെങ്കിൽ ആയത് നിലവിലെ വ്യവസ്ഥകൾ പ്രകാരം സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ
(സ്പെഷ്യൽ അഫോറസ്റ്റേഷൻ) &
നോഡൽ ഓഫീസർ

Section Officer